2026
MAY
04
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621


## പാചകവാതക വിലവർധനവ് ജനദ്രോഹകരം; മെയ് 6ന് ഹോട്ടലുകൾ അടച്ചിടും




**കൊച്ചി :** അന്യായമായ പാചകവാതകവില വർധനവിൽ പ്രതിഷേധിച്ച് മെയ് 6ന് ഹോട്ടലുകളടച്ചിട്ട് സമരം ചെയ്യുവാൻ കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ തീരുമാനിച്ചതായി അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും, ജനറൽ സെക്രട്ടറി എൻ. അബ്ദുൾ റസാഖും അറിയിച്ചു. നിലവിൽ 993 രൂപയാണ് വർധിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ച് മാസത്തിനുള്ളിൽ ഇതുവരെയായി 1498 രൂപയാണ് ഒരു സിലിണ്ടറിൻ മേൽ വില വർധിപ്പിച്ചിരിക്കുന്നത്. ഭക്ഷ്യോൽപാദനവിതരണ മേഖലക്ക് ഒരുവിധത്തിലും പിടിച്ചുനിൽക്കുവാനാവാത്ത സാഹചര്യമാണിത്. ജനരോക്ഷം ഭയന്ന് തെരഞ്ഞെടുപ്പ് സമയത്ത് വില കൂട്ടാതെ തെരഞ്ഞെടുപ്പിനുശേഷം ഒറ്റയടിക്ക് ഈ രീതിയിൽ അന്യായമായി വില വർദ്ധിപ്പിച്ചതിൽ ന്യായീകരണമില്ല. രാജ്യത്തെ പാചകവാതകത്തിന്റെ 85 ശതമാനവും ഉപയോഗിക്കുന്ന ഗാർഹിക പാചകവാതകത്തിന്റെ വിലവർദ്ധിപ്പിച്ചാൽ ജനം എതിരാകുമെന്ന് ഭയന്ന് ആ ഭാരംകൂടി ഹോട്ടൽ മേഖലയുടെ തലയിലേക്ക് വെച്ചിരിക്കുകയാണ് എണ്ണകമ്പനികൾ. തികച്ചും ജനദ്രോഹകരമായ നടപടിയാണ് എണ്ണകമ്പനികൾ ചെയ്തിരിക്കുന്നതെന്ന് സംഘടന കുറ്റപ്പെടുത്തി. പാചകവാതകത്തിനുപുറമെ മിൽമാ പാലിനും, പച്ചക്കറി, പലവ്യഞ്ജനമടക്കമുള്ള അവശ്യവസ്തുക്കൾക്കെല്ലാം വില വർധിക്കുകയാണ്. വില വർധനവ് ഈ രീതിയിൽ തുടർന്നാൽ ഹോട്ടൽ ഭക്ഷണ വില നിലവിലുള്ളതിൽനിന്നും 50 മുതൽ 60 ശതമാനം വരെ വർധിപ്പിക്കാതെ ഹോട്ടലുകൾക്ക് പിടിച്ചുനിൽക്കാനാവില്ല.

പാചകവാതകമടക്കമുള്ള അവശ്യവസ്തുക്കളുടെ വിലവർധനവ് പൊതുജനങ്ങളെ നേരിട്ട് ബാധിക്കുവാൻ പോകുകയാണ്. എണ്ണക്കമ്പനികളുടെ ജനദ്രോഹ നടപടികൾക്കെതിരെ കേന്ദ്രസർക്കാർ അടിയന്തിരമായി ഇടപെട്ട് വില വർധനവ് പിൻവലിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇവർ ആവശ്യപ്പെട്ടു. കടയടപ്പിന് മുന്നോടിയായി യൂണിറ്റ്, ജില്ലാതലത്തിൽ പ്രതിഷേധ സമരങ്ങൾ നടത്തും. മെയ് 6ന് കടകളടച്ച് ജില്ലാ ആസ്ഥാനങ്ങളിലേക്കും ഓയിൽകമ്പനികളിലേക്കും പ്രതിഷേധ മാർച്ചും ധർണ്ണയും നടത്തുമെന്നും അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു.

## വിദ്യാർത്ഥിനികൾക്കായി എഐ ഫിലിം മേക്കിംഗ് സ്കോളർഷിപ്പ്



**കൊച്ചി:** മലയാള സിനിമയിൽ സ്ത്രീസാന്നിധ്യം പ്രോത്സാഹിപ്പിക്കുന്നതിനും വനിതകൾക്ക് ആധുനിക സിനിമ അനുബന്ധ സാങ്കേതികവിദ്യയിൽ പ്രാവീണ്യം ഉറപ്പാക്കുന്നതിനുമായി കെഎസ് യു എം യൂണിക് ഐഡി സ്റ്റാർട്ടപ്പായ സ്കൂൾ ഓഫ് സ്റ്റോറിടെല്ലിംഗ് കോളേജ് വിദ്യാർത്ഥിനികൾക്കായി സ്കോളർഷിപ്പ് പദ്ധതി പ്രഖ്യാപിച്ചു. 'ഹെർ ലെൻസ്: എഐ ഫിലിം മേക്കിംഗ് സ്കോളർഷിപ്പ് ഫോർ വുമൺ' എന്ന ഈ സ്കോളർഷിപ്പ്, ഈ മേഖലയിൽ വനിതകൾക്കായി പ്രഖ്യാപിക്കുന്ന രാജ്യത്തെ ആദ്യ ധനസഹായ പദ്ധതിയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നത് കേവലം സാങ്കേതിക ഉപകരണം മാത്രമല്ല, മറിച്ച് സർഗ്ഗാത്മക ഭാവനയുടെ പുതിയ സാധ്യതയാണെന്ന തിരിച്ചറിവിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സിനിമയിലെ സ്ത്രീ കാഴ്ചപ്പാടുകളെ എഐ സാങ്കേതികവിദ്യയുമായി സംയോജിപ്പിക്കുന്നതിലൂടെ ചലച്ചിത്ര നിർമ്മാണ ലോകത്ത് നൂതന മാതൃക സൃഷ്ടിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. നടൻ കമൽഹാസൻ ഉദ്ഘാടനം ചെയ്ത 'വേവ് 1.0' എന്ന എഐ ഫിലിം മേക്കിംഗ് മൂവ്മെന്റിന്റെ ഭാഗമായാണ് സംരംഭം. സ്കൂൾ ഓഫ് സ്റ്റോറിടെല്ലിംഗിന്റെ ജൂൺ ബാച്ചിലേക്കാണ് ഈ സ്കോളർഷിപ്പുകൾ ലഭ്യമാവുക. തിരഞ്ഞെടുക്കപ്പെടുന്നവരിൽ മൂന്ന് പേർക്ക് ഇന്ത്യയിലെ ആദ്യത്തെ സമഗ്ര എഐ ഫിലിം മേക്കിംഗ് പ്രോഗ്രാമിലേക്ക് 100 ശതമാനം സ്കോളർഷിപ്പ് (1,25,000 രൂപ) നൽകുന്ന 'വിഷനറി ഗ്രാന്റും', മറ്റ് മൂന്ന് പേർക്ക് കോഴ്സ് ഫീസിന്റെ 50 ശതമാനം സ്കോളർഷിപ്പ് നൽകുന്ന 'പയനിയർ ഗ്രാന്റും' ലഭിക്കും. സിനിമ, ക്രിയേറ്റീവ് ഡിസൈൻ, കന്റ് ക്രിയേഷൻ, ഹ്രസ്വചിത്ര നിർമ്മാണം, എഴുത്ത് അല്ലെങ്കിൽ സാങ്കേതികവിദ്യ എന്നിവയിൽ താൽപര്യമുള്ള കോളേജ് വിദ്യാർത്ഥിനികൾക്ക് പ്രോഗ്രാമിലേക്ക് അപേക്ഷിക്കാവുന്നതാണ്.

മുൻപരിചയം നിർബന്ധമല്ലെങ്കിലും അപേക്ഷകർ 35 വയസ്സിൽ താഴെയുള്ളവരായിരിക്കണം. അപേക്ഷകരുടെ ക്രിയേറ്റീവ് പോർട്ട്ഫോളിയോ, 'എന്തുകൊണ്ട് ഞാൻ എഐ ഫിലിം മേക്കിംഗ് പഠിക്കാൻ ആഗ്രഹിക്കുന്നു' എന്ന വിഷയത്തിലുള്ള 300 വാക്കുകളിൽ കുറയാത്ത കുറിപ്പ്, ഓൺലൈൻ ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്.

താൽപ്പര്യമുള്ളവർ https://forms.gle/W8bA9JsLjLRjcYjAA എന്ന ലിങ്ക് വഴി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. മെയ് 15 ആണ് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി. കൂടുതൽ വിവരങ്ങൾക്ക് +91 89211 62636 എന്ന ഫോൺ നമ്പറിലോ stoosrytelling.com എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

## വാണിജ്യ എൽപിജി വില വർധനവ്: അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് ബേക്കേഴ്സ് അസോസിയേഷൻ കേരള

**കൊച്ചി:** കേരളത്തിൽ വാണിജ്യ എൽപിജി വിലയിൽ ഉണ്ടായ കുത്തനെയുള്ള വർധനവ് ബേക്കറി മേഖലയെ മാത്രമല്ല, പൊതുജനങ്ങളെയും ഗുരുതരമായി ബാധിക്കുന്ന സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണെന്ന് ബേക്കേഴ്സ് അസോസിയേഷൻ കേരള. 19 കിലോ വാണിജ്യ എൽപിജി സിലിണ്ടർ വില 993 രൂപ വർധിച്ച് 3,000ൽ അധികമായി ഉയർന്നത് ബേക്കറി ഉടമകൾക്ക് വലിയ സാമ്പത്തിക ഭാരം സൃഷ്ടിക്കുന്നതിനൊപ്പം, അന്തിമഭാരം സാധാരണ ജനങ്ങളിലേക്ക് കൈമാറേണ്ടിയും വരും. ബ്രെഡ്, ബൺസ്, റസ്ക് തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ സാധാരണ ജനങ്ങളുടെ ജീവിതത്തിൽ അനിവാര്യമായവയാണ്. ഇവയുടെ വില ഉയരാൻ സാധ്യതയുണ്ട്, ഇത് നേരിട്ട് പൊതുജനങ്ങളുടെ ജീവിതച്ചെലവിനെ ബാധിക്കും.

കേന്ദ്ര സർക്കാരും ബന്ധപ്പെട്ട പെട്രോളിയം കമ്പനികളും അടിയന്തരമായി ഇടപെട്ട് വാണിജ്യ എൽപിജി വില നിയന്ത്രിക്കുകയോ സബ്സിഡി നൽകുകയോ ചെയ്യണമെന്ന് അസോസിയേഷൻ ആവശ്യപ്പെട്ടു. കേന്ദ്ര പെട്രോളിയം പ്രകൃതിവാതക വകുപ്പ് മന്ത്രി ഹർദീപ് സിംഗ് പുരിക്ക് കത്ത് നൽകിയെന്നും അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കിരൺ എസ്. പാലക്കൽ, സംസ്ഥാന ജനറൽ സെക്രട്ടറി ബിജു പ്രേം ശങ്കർ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.




## വാണിജ്യാവശ്യ സിലിണ്ടറുകൾക്കും സബ്സിഡി ഏർപ്പെടുത്തണം: കെ.വി.വി.ഇ.എസ്

**കൊച്ചി:** വാണിജ്യാവശ്യത്തിനുള്ള പാചകവാതക സിലിണ്ടറുകൾക്കും സബ്സിഡി ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ് വാർത്താക്കുറിപ്പിൽ ആവശ്യപ്പെട്ടു. കേരളത്തിലെ ഇടത്തരം, ചെറുകിട ഹോട്ടൽ, റെസ്റ്റോറന്റ്, ബേക്കറി, കാറ്ററിംഗ് മേഖലയെ കടുത്ത പ്രതിസന്ധിയിലാക്കിക്കൊണ്ട് വാണിജ്യാവശ്യങ്ങൾക്കുള്ള പാചകവാതകത്തിന് അന്യായമായ വില വർധനവാണ് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നത്. തട്ടുകട മുതൽ ഇടത്തരം ഹോട്ടൽ വരെ നടത്തി ഉപജീവനം കഴിക്കുന്ന സാധാരണക്കാരായ വലിയ വിഭാഗത്തിന് വൻ ഇരുട്ടടിയും കടുത്ത സാമ്പത്തിക ബാധ്യതയുമാണ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്ന വില വർധനവ് നൽകുന്നത്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. നിലവിൽ വാണിജ്യാവശ്യത്തിനുള്ള 19 കിലോയുള്ള പാചകവാതക സിലിണ്ടറിന് 993 രൂപയാണ് ഇപ്പോൾ വർധിപ്പിച്ചിട്ടുള്ളത്. ഇത്തരത്തിൽ കഴിഞ്ഞ അഞ്ച് മാസത്തിനുള്ളിൽ ഇതുവരെയായി 1498 രൂപയാണ് ഒരു സിലിണ്ടറിന്മേൽ വില വർധനവ് ഉണ്ടായത്. ചെറുകിട ഹോട്ടൽ മേഖലക്ക് ഒരുവിധത്തിലും പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഒന്നുകിൽ വർധിപ്പിച്ച വില പിൻവലിക്കുകയോ അതല്ലെങ്കിൽ വാണിജ്യ സിലിണ്ടറുകൾക്കും സബ്സിഡി ഏർപ്പെടുത്തുകയോ വേണം. അല്ലെങ്കിൽ ശക്തമായ സമരവുമായി രംഗത്തുവരുമെന്നും മെയ് ആറിന് സംസ്ഥാനത്തെ ഹോട്ടലുകൾ അടച്ചിട്ട് കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ നടത്തുന്ന സമരത്തിന് എല്ലാ വിധ പിന്തുണയും നൽകുമെന്നും പി.സി ജേക്കബ്ബ് വ്യക്തമാക്കി.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **ഇടപ്പള്ളി വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ ദേവാലയം:** വിശുദ്ധ ഗീവർഗ്ഗീസിന്റെ തിരുന്നാൾ. ആഘോഷമായ തിരുനാൾ പാട്ടുകുർബ്ബാന രാവിലെ 10.45 ന്. പട്ടണ പ്രദക്ഷിണം രാത്രി 08.45 ന്

## ആരക്കുന്നം

■ **സെന്റ് ജോർജ് യാക്കോബായ സുറിയാനി വലിയപള്ളി :** വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ – രാവിലെ 7ന് കുർബാന, വൈകിട്ട് 6ന് സന്ധ്യാ പ്രാർഥന.

■ **കാഞ്ഞിരിക്കാപ്പിള്ളി സെന്റ് ജോർജ് യാക്കോബായ ചാപ്പൽ** : വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ – രാവിലെ 8ന് കുർബാന, പ്രസംഗം, പ്രദക്ഷിണം, നേർച്ച.

## കിഴക്കമ്പലം

■ **ചൂരക്കോട് സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളി** : വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ – രാവിലെ 8 ന് ഐസക്മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ വിശുദ്ധ മുന്നിന്മേൽ കുർബ്ബാനയും പ്രസംഗം, ഉച്ചയ്ക്ക് 12ന് നേർച്ചസദ്യ

## മുളന്തുരുത്തി

■ **കോരഞ്ചിറ സെന്റ് ജോർജ് യാക്കോബായ ചാപ്പൽ :** വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ – രാവിലെ 7.30ന് കുർബാന, നേർച്ച, 5ന് സന്ധ്യാപ്രാർഥന, 6ന് പ്രദക്ഷിണം.

## കുരീക്കാട്

■ **കുരീക്കാട് ശ്രീകൃഷ്ണസ്വാമിക്ഷേത്രം :** കുരീക്കാട് ശ്രീകൃഷ്ണസ്വാമിക്ഷേത്രോത്സവം രാത്രി 7.30ന് പുലിയന്നൂർ മനതന്ത്രിയുടെ മുഖ്യകാർമ്മികത്വത്തിൽ കൊടിയേറ്റം തുടർന്ന് തിരുവാതിര.

# കലൂർ സ്റ്റേഡിയത്തിലെ അപകടങ്ങൾ: ജില്ലാ കളക്ടർ നടപടി ഉറപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ പൊതുപരിപാടികളും യോഗങ്ങളും നടക്കുമ്പോൾ സംഘാടകർക്കോ പങ്കാളികൾക്കോ പ്രേക്ഷകർക്കോ അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുൻകരുതലുകൾ സ്റ്റേഡിയം നിയന്ത്രിക്കുന്നവർ സ്വീകരിച്ചിട്ടുണ്ടെന്ന് എറണാകുളം ജില്ലാ കളക്ടർ ഉറപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്. സ്റ്റേഡിയത്തിൽ പൊതുപരിപാടികൾ നടത്തുന്നതിന് മുമ്പ് ജില്ലാ കളക്ടറിൽ നിന്നോ പോലീസിൽ നിന്നോ സംഘാടകർ അനുവാദം വാങ്ങണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. ജില്ലാ കളക്ടറോ പോലീസോ അനുവാദം നൽകിയാൽ അപകടഭീഷണി ഒഴിവാക്കുന്നതിനുള്ള നടപടികൾ സംഘാടകർ സ്വീകരിച്ചിട്ടുണ്ടെന്ന് യഥാസമയം കൃത്യമായ പരിശോധന നടത്തി ഉറപ്പാക്കേണ്ട ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ടെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

ജില്ലാ കള്കടറും കൊച്ചി സിറ്റി പോലീസ് കമ്മീഷണറും ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി ഭാവിയിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ ജാഗ്രത പുലർത്തണമെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദ്ദേശിച്ചു. സ്വകാര്യസ്ഥാപനം നടത്തിയ ഗിന്നസ് നൃത്ത പരിപാടിക്കിടയിൽ ഉമാ തോമസ് എം.എൽ.എക്ക് അപകടം സംഭവിച്ച സാഹചര്യത്തിൽ സ്റ്റേഡിയത്തിലെ സുരക്ഷ വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് നടപടി. സംഘാടകർക്കും സ്ഥാപന ഉടമക്കും എതിരെ 1294/2024 നമ്പറായി പാലാരിവട്ടം പോലീസ് ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. പൊതുപ്രവർത്തകനായ അഡ്വ. വി. ദേവദാസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

# ദുർഗ്ഗാവാഹിനി ശൗര്യ പ്രശിക്ഷൻ വർഗ്ഗിന് എറണാകുളത്ത് തുടക്കമായി

**കൊച്ചി:** വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദുർഗ്ഗാവാഹിനി ശൗര്യ പ്രശിക്ഷൻ വർഗ്ഗിന് എറണാകുളം സരസ്വതി സീനിയർ സെക്കൻഡറി സ്കൂളിൽ തുടക്കമായി. പരിസ്ഥിതി പ്രവർത്തകയും വാട്ടർ അതോറിറ്റി മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ ഡോ. ചന്ദ്രമതി പരിശീലന വർഗ്ഗം ഉദ്ഘാടനം ചെയ്തു. വിശ്വഹിന്ദു പരിഷത്ത് പ്രാന്ത സംഘടനാ സെക്രട്ടറി കെ.ആർ. കണ്ണൻ മുഖ്യപ്രഭാഷണം നടത്തി. ആനുകാലിക സാഹചര്യങ്ങളിൽ യുവതികൾ സമാജ പരിവർത്തനത്തിനും ധർമ്മ സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കണമെന്ന് കെ. ആർ കണ്ണൻ പറഞ്ഞു.

വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ഉപാധ്യക്ഷ പ്രസന്ന ബാഹുലേയൻ, അഖിലേന്ത്യാ ബാലസംസ്കാര പ്രമുഖ് കിഷോരി തായി, ദേശീയ ജോയിന്റ് സെക്രട്ടറി പി.എം. നാഗരാജ് , പ്രാന്ത സംയോജിക നീതു ജനാർദ്ദനൻ, സംസ്ഥാന ജോയിന്റ് സെക്രട്ടറി അഭിനു സുരേഷ്, വിഭാഗ് സെക്രട്ടറി വി. സജീവ്, കൊച്ചി മഹാനഗരം ജില്ലാ മാതൃശക്തി സംയോജിക വിജി ബിജു, സഹസംയോജിക ഗംഗാ വിജയകുമാർ തുടങ്ങിയവർ പങ്കെടുത്തു.



*വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദുർഗ്ഗാവാഹിനി ശൗര്യ പ്രശിക്ഷൻ വർഗ്ഗ് പരിസ്ഥിതി പ്രവർത്തകയും വാട്ടർ അതോറിറ്റി മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ ഡോ. ചന്ദ്രമതി ഉദ്ഘാടനം ചെയ്യുന്നു. നീതു രവീന്ദ്രൻ, പി.എം. നാഗരാജ്, കിഷോരി തായി, പ്രസന്ന ബാഹുലേയൻ, കെ.ആർ കണ്ണൻ, ശ്രീജിത പ്രശാന്ത് തുടങ്ങിയവർ സമീപം.*

# ബാഗ്മാനെ പ്രൈം ഓഫീസ് ആർഇഐടി ഐപിഒ മെയ് 05 മുതൽ

**കൊച്ചി:** ബംഗളൂരു ആസ്ഥാനമായുള്ള, ഗ്രേഡ് എ പ്ലസ് ബിസിനസ് പാർക്കുകൾ ഉൾപ്പെയുള്ള വാണിജ്യ ഓഫീസ് റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റായ (ആർഇഐടി) ബാഗ്മാനെ പ്രൈം ഓഫീസ് ആർഇഐടിയുടെ പ്രാഥമിക പൊതു ഓഹരി വിൽപന (ഐപിഒ) 2026 മെയ് 05 മുതൽ 07 വരെ നടക്കും. 2,390 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 1,015 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരി ഒന്നിന് 95 മുതൽ 100 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 150 ഓഹരികൾക്കും തുടർന്ന് 150 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, 360 വൺ വാം ലിമിറ്റഡ്, എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ. കെഫിൻ ടെക്നോളജീസ് ലിമിറ്റഡാണ് രജിസ്ട്രാർ.

# കായിക പരിക്ക്: നൂതന ശസ്ത്രക്രിയാ രീതികൾ ചർച്ച ചെയ്ത് അന്താരാഷ്ട്ര സമ്മേളനം

**തിരുവനന്തപുരം:** കായിക രംഗത്തുള്ളവരുടെ പരിക്കുകൾക്ക് കൃത്യതയേറിയ നിർണ്ണയവും ചികിത്സയും നൽകുന്ന അത്യാധുനിക ആർത്രോസ്കോപ്പിക് ശസ്ത്രക്രിയാ രീതികൾ ചർച്ച ചെയ്തു കൊണ്ട് അന്താരാഷ്ട്ര കായിക ശസ്ത്രക്രിയ സമ്മേളനം 'ട്രിവാൻഡ്രം ആർത്രോസ്കോപ്പി കോഴ്സ് ' (ടി.എ.സി 2026), കോവളം ഉദയ സമുദ്ര ഹോട്ടലിൽ നടന്നു.




തിരുവനന്തപുരം അൽ അരിഫ് ആശുപത്രിയും ആർത്രോലേൺ എന്ന സംഘടനയും ചേർന്നാണ് സമ്മേളനം സംഘടിപ്പിച്ചത്. കോഴ്സ് ചെയർമാൻ ഡോ. ഷമ്മാസ് ബി. എം. നേതൃത്വം നൽകി. ഇന്ത്യൻ ആർത്രോസ്കോപ്പി സൊസൈറ്റി സെക്രട്ടറി ഡോ. രാജീവ് രാമൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. കായിക പരിക്കുകളുടെ ചികിത്സയിൽ ആർത്രോസ്കോപ്പി വലിയ മാറ്റം കൊണ്ടുവന്നതായി അദ്ദേഹം പറഞ്ഞു. താക്കോൽ ദ്വാരം വഴി കൃത്യമായ ശസ്ത്രക്രിയ സാധ്യമാകുന്നതിനാൽ രോഗികൾക്ക് വേഗത്തിൽ സുഖം പ്രാപിക്കാനും കളിക്കളത്തിലേക്ക് മടങ്ങാനും കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. അൽ ആരിഫ് ഹോസ്പിറ്റൽ മാനേജിങ് ഡയറക്ടർ ഡോ. അഹമ്മദ് സക്കീർ ഹുസൈൻ, കോഴ്സ് ചെയർമാനും അൽ ആരിഫ് ഹോസ്പിറ്റലിലെ മെഡിക്കൽ സൂപ്രണ്ടുമായ ഡോ. ഷമ്മാസ് ബി. എം , സയന്റിഫിക് ചെയർ പ്രൊഫ.ഡോ. ചിർക്കോവ് നിക്കോളായ് നിക്കോളേവിക്; ഡോ. ഭൂപേഷ് കാർത്തിക്; ഡോ.ഹേമന്ത് കുമാർ റെഡ്ഡി, ലിജോ ചെറിയാൻ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. രാജ്യത്തെയും വിദേശത്തെയും പ്രമുഖ അസ്ഥിരോഗ വിദഗ്ധർ സമ്മേളനത്തിൽ പങ്കെടുത്തു. റഷ്യയിലെ ഇലിസറോവ് ഇൻസ്റ്റിറ്റിയൂട്ടിലെ ഡോ. നിക്കോളായ് ചിറോകോവ്, ജോൺസ് ഹോപ്കിൻസ് സർവകലാശാലയിലെ പ്രൊഫ. ഡോ. ബഷീർ സകരിയ എന്നിവർ സംസാരിച്ചു. പുതിയ സാങ്കേതിക വിദ്യകളും വൈദ്യശാസ്ത്രം പിന്തുടരുന്ന പ്രായോഗിക രീതികളും സംയോജിപ്പിച്ച് ചികിത്സ ശക്തിപ്പെടുത്തുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യമെന്ന് കോഴ്സ് ചെയർമാൻ ഡോ. ബി. എം ഷമ്മാസ് പറഞ്ഞു. ചെറിയ മുറിവിലൂടെ ക്യാമറ ഉപയോഗിച്ച് ജോയിന്റ് പരിശോധിക്കുകയും ചികിത്സ നടത്തുകയും ചെയ്യുന്ന രീതിയാണ് ആർത്രോസ്കോപ്പി. കൃത്യത മൂലം ചികിത്സാ ക്ഷതവും വേദനയും കുറവാണ്. രോഗികൾക്ക് പെട്ടെന്ന് സുഖം പ്രാപിക്കാനാകും. സങ്കീർണ്ണമായ പരിക്കുകളുടെ ചികിത്സയിൽ ആർത്രോസ്കോപ്പി നിർണായകമായി മാറിയെന്നും അദ്ദേഹം പറഞ്ഞു. കൈമുട്ട് ശസ്ത്രക്രിയകളെക്കുറിച്ചുള്ള സുപ്രധാന ചർച്ചകൾ ശാസ്ത്ര സെഷനുകളിൽ നടന്നു. മുട്ടിലെ ലിഗമെന്റ് പരിക്കുകൾ, കാർട്ടിലേജ് പ്രശ്നങ്ങൾ എന്നിവയുടെ ചികിത്സയും വിശദീകരിച്ചു.

# ആഗോള കാൻസർ സമ്മേളനം സമാപിച്ചു

## സംസ്ഥാനത്തെ മുഴുവൻ ആശുപത്രികളിലും ജെറിയാട്രിക് ഓങ്കോളജി വിഭാഗം ആരംഭിക്കണം

**കൊച്ചി:** കേരളത്തിൽ പ്രായമായവരിൽ കാൻസർ രോഗം വർധിച്ചുവരുന്ന സാഹചര്യത്തിൽ മുതിർന്നവർക്ക് മാത്രമായി മുഴുവൻ സർക്കാർ, സ്വകാര്യ ആശുപത്രികളിലും അടിയന്തരമായി ജെറിയാട്രിക് ഓങ്കോളജി ഡിപ്പാർട്ട്മെന്റ് ആരംഭിക്കണമെന്ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ടു ദിവസമായി നടന്നുവന്ന ആഗോള കാൻസർ രോഗ വിദഗ്ദരുടെ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാൻസർ റിപ്പോർട്ട് ചെയ്യപ്പെടുന്ന സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുകയാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ കാൻസർ ചികിൽസ സംവിധാനം വിദേശനിലവാരത്തിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കാൻസർ ചികിൽസ ഏകീകരിക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. നഗര, ഗ്രാമപ്രദേശങ്ങൾ എന്ന വ്യത്യസമില്ലാതെ കാൻസർ ബാധിതരായവർക്ക് ഒരേ പോലെ ചികിൽസ ലഭ്യമാക്കണമെന്നും സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു. കേരളത്തിൽ കാൻസർ ചികിൽസാ രംഗം കൂടുതൽ ഫലപ്രദമായി മാറ്റുന്നതിനായി സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും ആശയങ്ങളും ക്രോഡീകരിച്ച് റിപ്പോർട്ടാക്കി സർക്കാരിന് സമർപ്പിക്കുമെന്ന് മെഡിക്കൽ ട്രസ്റ്റ് മാനേജിംഗ് ഡയറക്ടർ ഡോ. പി.വി ലൂയിസ് പറഞ്ഞു. കാൻസർ ചികിൽസാ രംഗത്തെ ലോകോത്തര വിദഗ്ധരായ മയോ ക്ലിനിക്, ക്ലേവ് ലാന്റ് ക്ലിനിക്, നാഷണൽ ഹെൽത്ത് സർവ്വീസ് യു.കെ എന്നിവടങ്ങളിൽ നിന്നുൾപ്പെടെ മിഡിൽ ഈസ്റ്റ്, ഒമാൻ, യുഎഇ തുടങ്ങിയ രാജ്യങ്ങളിൽ നിന്നായി 150 ഓളം കാൻസർ ചികിൽസാ വിദഗ്ധരും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 200 ഓളം പ്രതിനിധികളും ക്രൗൺ പ്ലാസയിൽ രണ്ടു ദിവസമായി നടന്ന സമ്മേളനത്തിൽ പങ്കെടുത്തു.

ട്രാൻസ്പ്ലാന്റ് ഓങ്കോളജി എന്ന പ്രത്യേക സെക്ഷനും സമ്മേളനത്തിൽ ഉണ്ടായിരുന്നു. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ കാൻസർ ചികിൽസയിലെ വിവിധ മേഖലകൾ സംബന്ധിച്ച് വിദഗ്ദർ നയിച്ച സെമിനാറുകൾ, മാധ്യമ പ്രവർത്തകൻ ജോണി ലൂക്കോസ്, ഹൈബി ഈഡൻ എം.പി, ചലച്ചിത്രതാരം അമല പോൾ, മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ.സതീശൻ ബാലസുബ്രമഹ്ണ്യൻ, തിരുവനന്തപുരം റീജ്യണൽ കാൻസർ സെന്റർ ഡയറക്ടർ ഡോ. രജനിഷ് കുമാർ, കോഴിക്കോട് എം.വി.ആർ കാൻസർ സെന്റർ മെഡിക്കൽ ഡയറക്ടർ ഡോ. നാരായണൻ കുട്ടി വാര്യർ, മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ കാൻസർ രോഗ വിദഗ്ദൻ ഡോ. വരുൺ രാജൻ എന്നിവർ പങ്കെടുത്ത പ്രത്യേക സംവാദവും നടന്നു.




*എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ആഗോള കാൻസർ രോഗ വിദഗ്ദരുടെ സമ്മേളനം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. പി.വി തോമസ്, ഡോ. ജെയിം അബ്രാഹം, ഡോ.പി. വി ലൂയിസ്, ഡോ. വരുൺ രാജൻ, ഡോ. ശ്യാം വിക്രം തുടങ്ങിയവർ സമീപം*

# തിരഞ്ഞെടുപ്പ് പേപ്പർ അവശിഷ്ടങ്ങളിൽ നിന്ന് ഭരണഘടന ആമുഖം



*തിരഞ്ഞെടുപ്പ് കാലത്തെ പേപ്പർ അവശിഷ്ടങ്ങളിൽ നിന്ന് നിർമ്മിച്ച ഭരണഘടനയുടെ ആമുഖം ആലേഖനം ചെയ്ത സുവനിയർ ജില്ലാ കളക്ടർ ജി പ്രിയങ്ക തിരഞ്ഞെടുപ്പ് നിരീക്ഷകൻ പ്രീതം ബി യശവന്ദിന് കൈമാറുന്നു. ശുചിത്വമിഷൻ ജില്ലാ കോഡിനേറ്റർ ശീതൾ ജി മോഹൻ, ഹരിത കേരളം മിഷൻ ജില്ലാ കോഡിനേറ്റർ എസ് രഞ്ജിനി എന്നിവർ സമീപം*

**കൊച്ചി:** മാലിന്യ സംസ്കരണ രംഗത്ത് പുതിയൊരധ്യായം കുറിച്ച് എറണാകുളം ജില്ലാ ഭരണകൂടവും സെന്റ് തെരേസാസ് കോളേജും.

തിരഞ്ഞെടുപ്പ് കാലത്തെ പേപ്പർ അവശിഷ്ടങ്ങൾ, തയ്യൽ മാലിന്യങ്ങൾ, കുളവാഴ എന്നിവ ഉപയോഗിച്ച് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ, സെന്റ് തെരേസാസ് കോളേജിലെ ഭൂമിത്ര സേനാ ക്ലബ്, മാത്തമാറ്റിക്സ് വിഭാഗം എന്നിവ സംയുക്തമായി നിർമ്മിച്ച ഭരണഘടനയുടെ ആമുഖം തിരഞ്ഞെടുപ്പ് ഒബ്സെർവർമാർക്ക് ഉപഹാരമായി നൽകി.

കളക്ടറുടെ ചേംബറിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ ജി പ്രിയങ്ക ഉപഹാരങ്ങൾ കൈമാറി. കുളവാഴയും മറ്റ് പാഴ് വസ്തുക്കളും ശേഖരിച്ച് കോളേജിലെ ലാബിൽ എത്തിച്ച് യന്ത്രസഹായത്തോടെ അരച്ച് പരുവപ്പെടുത്തി ഗുണമേന്മയുള്ള കൈനിർമ്മിത പേപ്പറുകൾ നിർമ്മിക്കുന്നു.

ഇത്തരത്തിൽ നിർമ്മിച്ച പേപ്പറിൽ ഇന്ത്യൻ ഭരണഘടനയുടെ ആമുഖം പ്രിന്റ് ചെയ്താണ് സുവനിയറുകൾ തയ്യാറാക്കിയത്.

# സ്കൂൾ വിദ്യാർഥികൾക്ക് അഖില കേരള ചിത്ര രചനമത്സരം

**കൊച്ചി:** ഫേസ് ചെയർമാൻ ആയിരുന്ന പ്രൊഫ. എം കെ സാനു മാഷിന്റെ സ്മരണാർത്ഥം എറണാകുളം ചിൽഡ്രൻസ് പാർക്കിന്റെ സഹകരണത്തോടെ ഫേസ് ഫൗണ്ടേഷൻ സ്കൂൾ വിദ്യാർഥികൾക്കായി അഖില കേരള ചിത്ര രചനമത്സരം സംഘടിപ്പിക്കുന്നു. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

2026 മെയ് 16ന് രാവിലെ 9 മണി മുതൽ എറണാകുളം ചിൽഡ്രൻസ് പാർക്കിലാണ് മത്സരം നടക്കുക. ജൂനിയർ (ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ), സീനിയർ(അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ) എന്നീ കാറ്റഗറികളിലാണ് മത്സരം സംഘടിപ്പിച്ചിട്ടുള്ളത്. മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് പ്രൈസും മൊമെന്റോയും സർട്ടിഫിക്കറ്റും നൽകും. കൂടാതെ മത്സരത്തിൽ പങ്കെടുക്കുന്ന മുഴുവൻ കുട്ടികൾക്കും സർട്ടിഫിക്കറ്റ് നൽകും. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് മാത്രമേ മൽസരത്തിൽ പങ്കെടുക്കാൻ സാധിക്കൂ.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മെയ് 12 വൈകിട്ട് 05 മണി. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ എറണാകുളം കടവന്ത്ര ഗാന്ധിനഗറിലെ ഫേസ് ഫൗണ്ടേഷൻ ഓഫീസിലോ താഴെപ്പറയുന്ന ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക. 0484- 2929099, 9037775755, 8939476906

# ബി. എ. പരീക്ഷകൾ മെയ് 11ന് തുടങ്ങും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ രണ്ടും നാലും ആറും സെമസ്റ്റർ ബി.എ. (റീഅപ്പിയറൻസ്) പരീക്ഷകൾ മെയ് 11ന് ആരംഭിക്കും.

# ഗൾഫ് മേഖലകളിലേക്കുള്ള വിമാന സർവീസുകൾ പുനരാരംഭിച്ച് എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** കേരളത്തിൽ നിന്നും ഖത്തർ, ബഹ്റൈൻ, യുഎഇ, ഒമാൻ, സൗദി അറേബ്യ എന്നിവിടങ്ങളിലേക്കുള്ള വിമാന സർവീസുകൾ പുനരാരംഭിച്ച് എയർ ഇന്ത്യ എക്സ്പ്രസ്. കേരളത്തിലെ നാല് വിമാനത്താവളങ്ങൾക്ക് പുറമെ അമൃതസർ, ബംഗളൂരു, ഡൽഹി, ഹൈദരാബാദ്, ജയ്പൂർ, ലഖ്നൗ, മംഗളൂരു, മുംബൈ, തിരുച്ചിറപ്പള്ളി, വാരാണസി എന്നിവിടങ്ങളിൽ നിന്നും ഗൾഫ് മേഖലകളിലേക്ക് വിമാന എയർ ഇന്ത്യ എക്സ്പ്രസ് സർവീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. ഏപ്രിൽ 30 മുതലാണ് സർവീസുകൾ പുനരാരംഭിച്ചത്. ദുബായ്, അബുദാബി, റാസൽ ഖൈമ, ഷാർജ, അൽ ഐൻ, മസ്കറ്റ്, ജിദ്ദ, റിയാദ്, ദമാം, ബഹ്റൈൻ, ദോഹ, കുവൈറ്റ് എന്നിവിടങ്ങളിലേക്കാണ് എയർ ഇന്ത്യ എക്സ്പ്രസ് വിമാന സർവീസുകൾ പുനരാരംഭിച്ചത്. അവധിക്കാലം കൂടി എത്തുന്നതോടെ കുടുംബ സമേതം യാത്രയ്ക്കാരുങ്ങുന്ന പ്രവാസികൾക്ക് ഇത് ഗുണകരമാകുമെന്നാണ് വിലയിരുത്തൽ.




# ബയോമെട്രിക് സുരക്ഷയുമായി ഫ്ളിപ്കാർട്ട്

**കൊച്ചി:** ഇകൊമേഴ്സ് പ്ലാറ്റ്ഫോമായ ഫ്ളിപ്കാർട്ട്. കാർഡ് പേയ്മെന്റുകൾ കൂടുതൽ ലളിതവും സുരക്ഷിതവുമാക്കുന്നതിനായി ബയോമെട്രിക് ഓതന്റിക്കേഷൻ സംവിധാനം ഫ്ളിപ്കാർട്ട് അവതരിപ്പിച്ചു. ആക്സിസ് ബാങ്ക്, പ്രമുഖ ഫിൻടെക് പ്ലാറ്റ്ഫോമായ പേയു എന്നിവയുമായി സഹകരിച്ചാണ് ഈ പുതിയ സുരക്ഷാ സംവിധാനം നടപ്പിലാക്കുന്നത്.

ഇതോടെ കാർഡ് വഴിയുള്ള പണമിടപാടുകൾക്ക് എസ്എംഎസ് ഒടിപിക്ക് പകരം വിരലടയാളമോ ഫെയ്സ് ഐഡിയോ ഉപയോഗിച്ച് നിമിഷങ്ങൾക്കുള്ളിൽ സുരക്ഷിതമായി ഓതന്റിക്കേഷൻ പൂർത്തിയാക്കാം. ആൻഡ്രോയിഡ്, ഐഐഎസ് പ്ലാറ്റ്ഫോമുകളിൽ ഒരുപോലെ ഈ സേവനം ലഭ്യമാണെന്ന് ഫ്ളിപ്കാർട്ട് പേയ്മെന്റ്സ് ആൻഡ് സൂപ്പർകോയിൻസ് വിഭാഗം വൈസ് പ്രസിഡന്റ് ഗൗരവ് അറോറ പറഞ്ഞു.

# റെക്കോർഡ് നേട്ടവുമായി വേദാന്ത

vedanta
transforming for good

**കൊച്ചി:** വേദാന്ത ലിമിറ്റഡ് 2026 സാമ്പത്തിക വർഷത്തിൽ തങ്ങളുടെ എക്കാലത്തെയും മികച്ച സാമ്പത്തിക ഫലങ്ങൾ പുറത്തുവിട്ടു. 2026 മാർച്ച് 31ന് അവസാനിച്ച നാലാം പാദത്തിൽ കമ്പനിയുടെ അറ്റാദായം വാർഷികാടിസ്ഥാനത്തിൽ 89 ശതമാനം വർദ്ധിച്ച് 9352 കോടി രൂപയായി ഉയർന്നതായി കമ്പനി അധികൃതർ വ്യക്തമാക്കി. സാമ്പത്തിക വർഷത്തെ അറ്റാദായം വാർഷികാടിസ്ഥാനത്തിൽ 22 ശതമാനം വർദ്ധനവോടെ 25,096 കോടി രൂപയെന്ന സർവ്വകാല റെക്കോർഡിലെത്തി. വാർഷിക വരുമാനം വാർഷികാടിസ്ഥാനത്തിൽ 15 ശതമാനം വർദ്ധിച്ച് 1,74,075 കോടി രൂപയായും, നാലാം പാദ വരുമാനം വാർഷികാടിസ്ഥാനത്തിൽ 29 ശതമാനം വർദ്ധിച്ച് 51,524 കോടി രൂപയായും ഉയർന്നു.

എബിറ്റ് വാർഷികാടിസ്ഥാനത്തിൽ 29 ശതമാനം വർദ്ധനവോടെ 55,976 കോടി രൂപയായി. നാലാം പാദത്തിൽ ഇത് 59 ശതമാനം വർദ്ധിച്ച് 18,447 കോടി രൂപയിലെത്തി. കമ്പനിയുടെ നെറ്റ് ഡെബ്റ്റ് ടു എബിറ്റ് അനുപാതം കഴിഞ്ഞ സാമ്പത്തിക വർഷത്തെ 1.22 മടങ്ങിൽ നിന്ന് 0.95 മടങ്ങായി മെച്ചപ്പെട്ടു. കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും മികച്ച പ്രകടനമാണ് ഈ വർഷം കാഴ്ചവെച്ചതെന്നും മെയ് 1 മുതൽ പ്രാബല്യത്തിൽ വരുന്ന കമ്പനി വിഭജനം ദീർഘകാല മൂല്യം വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായകമാകുമെന്നും വേദാന്ത സിഎഫ്ഒ അജയ് ഗോയൽ പറഞ്ഞു.

# എസ്ബിഐ ജനറൽ ഇൻഷുറൻസിന്റെ പ്രീമിയം വരുമാനം 15904 കോടി രൂപ

SBI general INSURANCE
SURAKSHA AUR BHAROSA DONO

**കൊച്ചി:** എസ്ബിഐ ജനറൽ ഇൻഷുറൻസ് 2026 സാമ്പത്തിക വർഷത്തിൽ ഇൻഷുറൻസ് വിപണിയിലെ പൊതുവായ വളർച്ചാ നിരക്കിനേക്കാൾ 1.6 മടങ്ങ് കൈവരിച്ചു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ആകെ ഡയറക്ട് പ്രീമിയം 14.5 ശതമാനം വളർച്ചയോടെ 15,904 കോടി രൂപയിലെത്തി. കമ്പനിയുടെ അറ്റാദായം 553 കോടി രൂപയായി ഉയർന്നു. 2025 സാമ്പത്തിക വർഷം ഇത് 509 കോടി രൂപയായിരുന്നു. സ്വകാര്യസാഹി മേഖലയിലെ വിപണി വിഹിതം 2025 സാമ്പത്തിക വർഷത്തെ 6.90 ശതമാനത്തിൽ നിന്ന് 7.17 ശതമാനമായി വർധിച്ചു. കമ്പനിയുടെ നഷ്ടാനുപാതം 2025 സാമ്പത്തിക വർഷത്തെ 82.4 ശതമാനത്തിൽ നിന്ന് 78.3 ശതമാനമായി മെച്ചപ്പെട്ടു. സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്ന സോൾവൻസി റേഷ്യോ 1.90 മടങ്ങാണെന്ന് അധികൃതർ അറിയിച്ചു.

പേഴ്സണൽ ആക്സിഡന്റ് വിഭാഗത്തിൽ 40 ശതമാനം വളർച്ചയോടെ ഈ വിഭാഗത്തിൽ കമ്പനി ഒന്നാം സ്ഥാനം നിലനിർത്തി. ഹെൽത്ത് ഇൻഷുറൻസ് വിഭാഗത്തിൽ 27 ശതമാനം വളർച്ചയും മോട്ടോർ ഇൻഷുറൻസ് വിഭാഗത്തിൽ 16 ശതമാനം വളർച്ചയും ഫയർ ഇൻഷുറൻസ് വിഭാഗത്തിൽ 10 ശതമാനം വളർച്ചയും നേടി.

# 166.1 ശതമാനം വർധനവ് നേടി ഇസാഫ് ബാങ്ക്

**കൊച്ചി:** മാർച്ച് 31ന് അവസാനിച്ച സാമ്പത്തികവർഷത്തെ നാലാം പാദത്തിൽ 24 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്. മുൻവർഷത്തെ സമാന പാദത്തിൽ 183 കോടി രൂപയുടെ നഷ്ടമാണ് രേഖപ്പെടുത്തിയത്. മൂന്നാം പാദത്തിൽ ബാങ്ക് 7 കോടി രൂപ ലാഭം നേടിയിരുന്നു. സുരക്ഷിത വായ്പകൾ, സ്വർണ വായ്പകൾ, ആസ്തി ഗുണമേന്മ തുടങ്ങിയ മേഖലകളിൽ വളർച്ച രേഖപ്പെടുത്തി. ചെറുകിട സംരംഭങ്ങൾ, കൃഷി, റീട്ടെയിൽ, സ്വർണ വായ്പ തുടങ്ങിയ മേഖലകളിൽ സുരക്ഷിത വായ്പാ വിതരണം ശക്തിപ്പെടുത്തിയതാണ് ബാങ്കിനെ ലാഭത്തിലേക്കെത്തിച്ചത്. ബാങ്ക് കൈകാര്യം ചെയ്യുന്ന മൊത്തം ബിസിനസ് 14.8 ശതമാനം വാർഷിക വളർച്ചയോടെ 48,276 കോടി രൂപയിലെത്തി. മൊത്തം വായ്പ 19.4 ശതമാനം വളർച്ചയോടെ 22,426 കോടി രൂപയും നിക്ഷേപം 11.1 ശതമാനം വളർച്ചയോടെ 25,850 കോടി രൂപയുമായി. 73.8 ശതമാനം വാർഷിക വളർച്ചയോടെ 10,134 കോടി രൂപയാണ് സുരക്ഷിത വായ്പയായി രേഖപ്പെടുത്തിയത്. വായ്പകളിലെ റിസ്ക് കുറച്ചും, ആസ്തികളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സുസ്ഥിരമായ വളർച്ച കൈവരിക്കാനാണ് ബാങ്ക് ലക്ഷ്യമിടുന്നതെന്ന് ഇസാഫ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ ഡോ. കെ പോൾ തോമസ് പറഞ്ഞു.

# ജി സി സിയിലെ പ്രധാന ലോജിസ്റ്റിക്സ് കേന്ദ്രമായി ഒമാൻ; ഇന്ത്യൻ ബിസിനസ്സുകൾക്ക് വൻ അവസരങ്ങൾ

**മസ്ക്കത്ത്:** ഒമാനിലെ ലോജിസ്റ്റിക്സ് അവസരങ്ങളെക്കുറിച്ച് ഇൻമെക് വെബിനാർ സംഘടിപ്പിച്ചു. ജി സി സി മേഖലയിലെ പ്രധാന ലോജിസ്റ്റിക്സ് ഹബ്ബായി ഒമാൻ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുകയാണെന്നും ഇന്ത്യൻ ബിസിനസ്സുകൾക്ക് വൻ സാധ്യതകളാണ് തുറന്നുകിടക്കുന്നതെന്നും ഒമാനിലെ ഇന്ത്യയുടെ അംബാസഡർ ജി. വി ശ്രീനിവാസ് പറഞ്ഞു.

ജി സി സി രാജ്യങ്ങളിലെ ലോജിസ്റ്റിക്സ് അവസരങ്ങൾ ഒമാൻ വഴിയായി എന്ന വിഷയത്തിൽ ഇൻഡോ ഗൾഫ് ആന്റ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്), ഒമാൻ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രിയുമായി ചേർന്ന് സംഘടിപ്പിച്ച വെബിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയും ഒമാനും തമ്മിലുള്ള ശക്തവും ചരിത്രപരവുമായ ബന്ധം വ്യാപാരം, ലോജിസ്റ്റിക്സ്, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം, നിക്ഷേപം എന്നീ മേഖലകളിൽ കൂടുതൽ വ്യാപിച്ചു കൊണ്ടിരിക്കുകയാണെന്ന് അംബാസഡർ കൂട്ടിച്ചേർത്തു. ഇന്ത്യ ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ സംബന്ധിച്ചുള്ള നിർദ്ദേശത്തിന്റെ പ്രാധാന്യവും അദ്ദേഹം എടുത്തുപറഞ്ഞു. ഇത് ഇരുരാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം ഗണ്യമായി വർധിപ്പിക്കുകയും ബിസിനസ് നടത്തിപ്പ് എളുപ്പമാക്കുകയും അതിർത്തി കടന്നുള്ള നിക്ഷേപങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുകയും ചെയ്യും.

വെബിനാറിൽ ഇന്ത്യയിലും ജി സി സി മേഖലയിലുമുള്ള ബിസിനസ് നേതാക്കളും ലോജിസ്റ്റിക്സ് കമ്പനികളും കയറ്റുമതിക്കാരും നിക്ഷേപകരും സംരംഭകരും ഉൾപ്പെടെ വലിയ പങ്കാളിത്തം രേഖപ്പെടുത്തി. ഒമാനിലെ ഇന്ത്യൻ എംബസിയിലെ ഡെപ്യൂട്ടി ഹെഡ് ഓഫ് മിഷൻ തവിഷി പാണ്ഡേയും പരിപാടിയിൽ പങ്കെടുത്തു. എസ് ഐ ജി ഒമാൻ സ്ഥാപകനും സി ഇ ഒയും ഇക്കണോമിസ്റ്റും സ്ട്രാറ്റജിക്ക് അഡ്വൈസറുമായ ഡോ. യൂസഫ് ഹമദ് അൽ ബലുഷി മുഖ്യപ്രഭാഷണം നടത്തി. ഒമാൻ വിഷൻ 2040, ലോജിസ്റ്റിക്സ് മേഖലയിൽ നടക്കുന്ന പരിഷ്കാരങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, തുറമുഖങ്ങൾ, നിർമ്മാണം, റീഎക്സ്പോർട്ട് ബിസിനസ്, സപ്ലൈ ചെയിൻ മാനേജ്മെന്റ് തുടങ്ങിയ മേഖലകളിലെ പുതിയ അവസരങ്ങൾ അദ്ദേഹം വിശദീകരിച്ചു.

നിലവിലെ ആഗോള സാഹചര്യങ്ങൾ ഒമാനിൽ ബിസിനസ് സ്ഥാപിക്കാനും നിക്ഷേപം നടത്താനും വളരെ അനുകൂലമാണെന്ന് ഇൻമെക് ചെയർമാൻ ഡോ. എൻ എം ഷറഫുദ്ദീൻ പറഞ്ഞു. ഇൻമെക് സെക്രട്ടറി ജനറൽ ഡോ. സുരേഷ്കുമാർ മധുസൂദനൻ സ്വാഗതം പറഞ്ഞു. ഇൻമെക് ഡയറക്ടർ ഡോ. ഡേവിസ് കല്ലൂകാരൻ ഒമാന്റെ സ്ട്രാറ്റജിക് ലോജിസ്റ്റിക്സ് കേന്ദ്രമായ ഉയർച്ചയെക്കുറിച്ച് വിശദീകരിച്ചു.

ഇൻമെക് വൈസ് ചെയർമാൻ ഡോ. ജെയിംസ് മാത്യുവും ജനറൽ മാനേജർ ജോർജ് ഫിലിപ്പ് കെയും പരിപാടിയിൽ പ്രസംഗിച്ചു. ഇന്ത്യയും ഒമാനും തമ്മിലുള്ള വ്യാപാര നിക്ഷേപ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഉടൻ ഒമാനിലേക്ക് ഒരു ബിസിനസ് പ്രതിനിധി സംഘം സംഘടിപ്പിക്കുമെന്ന് ഇൻമെക് അറിയിച്ചു.

# സി.ഐ.ഐ ഭക്ഷ്യസുരക്ഷാ അവാർഡ് 2025: മാൻ കാൻകോറിന് പുരസ്കാരം

**കൊച്ചി:** മാൻ കാൻകോറിന് തുടർച്ചയായ നാലാം തവണയും സി.ഐ.ഐ ഭക്ഷ്യ സുരക്ഷാ പുരസ്കാരം. വൻകിട ഭക്ഷ്യ സംരംഭങ്ങൾക്കായുള്ള ഫുഡ് ഇൻഗ്രീഡിയന്റ്സ് വിഭാഗത്തിലാണ് കമ്പനി മികച്ച നേട്ടം കൈവരിച്ചത്.

ന്യൂഡൽഹിയിൽ നടന്ന പതിനാറാമത് സി.ഐ.ഐ ഫുഡ് സേഫ്റ്റി അവാർഡ് ദാന ചടങ്ങിലായിരുന്നു പുരസ്കാര പ്രഖ്യാപനം. കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ വകുപ്പ് മന്ത്രി ചിരാഗ് പാസ്വാൻ മുഖ്യാതിഥിയായിരുന്നു.




സി.ഐ.ഐ എഫ്.എസ്. ക്യു.ആർ സമ്മിറ്റ് ചെയർപേഴ്സണും രസ്ന ഇന്റർനാഷണൽ ഗ്രൂപ്പ് ചെയർമാനുമായ പിരൂസ് ഖംബാട്ടയിൽ നിന്ന് മാൻ കാൻകോർ ക്വാളിറ്റി ജനറൽ മാനേജർ ലക്ഷ്മീകാന്തൻ എ, ക്വാളിറ്റി അഷ്വറൻസ് സീനിയർ മാനേജർ അനുമോദ് പി.എ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ഭക്ഷ്യസുരക്ഷാ സംവിധാനങ്ങൾ, നിയമപരമായ കൃത്യനിഷ്ഠ, ഉൽപ്പാദന രീതികളിലെ മികവ് എന്നിവയിൽ കമ്പനി പുലർത്തുന്ന അതീവ ജാഗ്രതയുടെ ഫലമാണ് ഈ വിജയമെന്ന് മാൻ കാൻകോർ സി.ഇ.ഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. ജീമോൻ കോര പറഞ്ഞു.

അന്താരാഷ്ട്ര വിപണിയിൽ ഉപഭോക്താക്കൾക്കിടയിൽ വിശ്വാസ്യത കൂടുതൽ ഉറപ്പാക്കാൻ ഈ നേട്ടം സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# 2,700 കോടി രൂപയുടെ പുതിയ നിക്ഷേപം പ്രഖ്യാപിച്ച് ശ്യാം മെറ്റാലിക്സ്



**കൽക്കത്ത:** ഇന്ത്യയിലെ പ്രമുഖ ലോഹ ഉൽപ്പാദന കമ്പനിയായ ശ്യാം മെറ്റാലിക്സ് ആൻഡ് എനർജി ലിമിറ്റഡ് 2,700 കോടി രൂപയുടെ വിപുലീകരണ പദ്ധതി പ്രഖ്യാപിച്ചു. കമ്പനിയുടെ ആഭ്യന്തര കരുതൽ ശേഖരത്തിൽ നിന്ന് പൂർണ്ണമായും ധനസഹായം കണ്ടെത്തുന്ന ഈ പദ്ധതി ഉയർന്ന ലാഭവിഹിതം ലഭിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് ശ്യാം മെറ്റാലിക്സ് ചെയർമാൻ ബ്രിജ് ഭൂഷൺ അഗർവാൾ പറഞ്ഞു. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന 16,060 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾക്ക് പുറമെയാണിത്. മുൻപ് പ്രഖ്യാപിച്ച തുകയിൽ 8,700 കോടി രൂപ ഇതിനകം വിനിയോഗിച്ചു കഴിഞ്ഞു. ബാക്കിയുള്ള പ്രവർത്തനങ്ങൾ അടുത്ത മൂന്ന് മുതൽ നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. പുതിയ നിക്ഷേപത്തിൽ 900 കോടി രൂപ ഓട്ടോമൊബൈൽ, എൻജിനീയറിങ് മേഖലകൾക്ക് ആവശ്യമായ പ്രത്യേക ബാർ ക്വാളിറ്റി സ്റ്റീൽ ഉൽപ്പാദനത്തിനായി നീക്കിവെക്കും. ഇതിലൂടെ പ്രതിവർഷം 8 ലക്ഷം ടൺ ഉൽപ്പാദന ശേഷിയുള്ള പ്ലാന്റാണ് സജ്ജമാക്കുന്നത്. ബാക്കി 1,800 കോടി രൂപ സ്റ്റെയിൻലെസ്സ് സ്റ്റീൽ വിഭാഗത്തിന്റെ വിപുലീകരണത്തിനായി വിനിയോഗിക്കും. ഇതോടെ ഈ മേഖലയിലെ കമ്പനിയുടെ ആകെ നിക്ഷേപം 2,830 കോടി രൂപയായി ഉയരും. ഓട്ടോമോട്ടീവ്, റെയിൽവേ, അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ കമ്പനിയുടെ സാന്നിധ്യം ശക്തമാക്കാൻ ഇത് സഹായിക്കും.

# സൈബർ പാർക്കിൽ ഡിജിറ്റൽ ലഹരി വിമോചന സെഷൻ

**കോഴിക്കോട്:** കേരള പോലീസ് സൈബർഡോമിന്റെ സൈബർ ഡിവിഷൻ നടപ്പിലാക്കുന്ന കിഡ്ഗ്ലോവ് പദ്ധതിയുടെ ഭാഗമായി ഗവ. സൈബർപാർക്കുമായി സഹകരിച്ച് ഡിജിറ്റൽ ലഹരിവിമോചന സെഷൻ സംഘടിപ്പിച്ചു. സൈബർപാർക്കിലെ സഹ്യ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി സൈബർക്രൈം പോലീസ് സ്റ്റേഷൻ എസിപി ശ്രീപ്രദീപ് കുമാർ എസ്.എം. ഉദ്ഘാടനം ചെയ്തു. മൊബൈലിനെയും കമ്പ്യൂട്ടറിനെയും അമിതമായി ആശ്രയിക്കുന്നത് നിയന്ത്രിക്കുന്നതിനെക്കുറിച്ചും ആരോഗ്യകരമായ ഡിജിറ്റൽ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനെക്കുറിച്ചും സെഷനിൽ ബോധവൽക്കരണം നടന്നു.

കോഴിക്കോട് ഡി.സി.ആർ.സി കൗൺസിലർ ജ്യോതിക വി.ജെ, പ്രൊജക്റ്റ് കോർഡിനേറ്റർ (ഡിഡാഡ്) അഭിരാമി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സൈബർപാർക്ക് അധികൃതരും വിവിധ കമ്പനികളിലെ ഐടി ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുത്തു. വർത്തമാനകാലത്ത് ഡിജിറ്റൽ ആരോഗ്യത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നതായിരുന്നു പരിപാടി. ചടങ്ങിൽ സൈബർപാർക്ക് എച്ച്ആർ ആൻഡ് മാർക്കറ്റിംഗ് മാനേജർ അനുശ്രീ എം പ്രസംഗിച്ചു.

# ആഗോളതലത്തിൽ സ്വർണ്ണ ആവശ്യകത വർധിച്ചു

കൊച്ചി : ആഗോളതലത്തിൽ സ്വർണ്ണ ആവശ്യകത വർധിച്ചതായി റിപ്പോർട്ട്. 2026 ലെ ആദ്യ പാദത്തിൽ ആഗോള സ്വർണ്ണ ആവശ്യകത 1,231 ടണ്ണായി ഉയർന്നു. കഴിഞ്ഞ വർഷത്തേക്കാൾ രും ശതമാനമാണ് വർധിച്ചിരിക്കുന്നതെന്ന് വേൾഡ് ഗോൾഡ് കൗൺസിൽ റിപ്പോർട്ട് വ്യക്തമാക്കുന്നു. മൊത്തം മൂല്യം 74% ഉയർന്ന് റെക്കോർഡ് 193 ബില്യൺ ഡോളറായി ഉയർന്നു. ചൈന, ഇന്ത്യ എന്നിവ ഉൾപ്പെടെ ഏഷ്യൻ രാജ്യങ്ങളിൽ ശക്തമായ വാങ്ങലിനെ തുടർന്ന് ബാർ, കോയിൻ നിക്ഷേപം 42% വർധിച്ചു. ഗോൾഡ് ഇടിഎഫ് കളിലും നേട്ടം തുടരുന്നു. ഉയർന്ന വില കാരണം ആഭരണ ആവശ്യകത വോള്യത്തിൽ കുറഞ്ഞെങ്കിലും, മൂല്യം വർധിച്ചു. കേന്ദ്രബാങ്കുകളുടെ തുടർച്ചയായ വാങ്ങൽ സ്വർണ്ണത്തിന്റെ സുരക്ഷിത നിക്ഷേപ സ്ഥാനം ശക്തിപ്പെടുത്തുന്നതായിട്ടാണ് വിലയിരുത്തപ്പെടുന്നത്.

# നേട്ടവുമായി ഫോൺപേ

**കൊച്ചി:** ഇന്ത്യയിലുടനീളം 5 കോടി രജിസ്റ്റർ ചെയ്ത വ്യാപാരികളെന്ന നേട്ടം ഫോൺപേ സ്വന്തമാക്കി. 2026 ഏപ്രിൽ 28ലെ കണക്കുകൾ പ്രകാരം 98 ശതമാനത്തിലധികം പോസ്റ്റൽ കോഡുകളിൽ സേവനം വ്യാപിച്ചതായി കമ്പനി അധികൃതർ അറിയിച്ചു. ക്യു ആർ കോഡ് അടിസ്ഥാനത്തിലുള്ള പേയ്മെന്റുകളിൽ നിന്ന് ആരംഭിച്ച ഫോൺപേ, നിലവിൽ ലോണുകൾ, പിഒഎസ് ഉപകരണങ്ങൾ, സ്മാർട്ട്സ്പീക്കറുകൾ ഉൾപ്പെടെ സമഗ്ര സേവനങ്ങൾ നൽകുന്ന പ്ലാറ്റ്ഫോമായി വളർന്നു. ചെറുകിട വ്യാപാരികളെ ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിലേക്ക് കൊണ്ടുവരുന്നതിൽ നിർണായക പങ്ക് വഹിച്ചതായി കമ്പനി അധികൃതർ വ്യക്തമാക്കി. 65 കോടിയിലധികം ഉപയോക്താക്കളുള്ള ഫോൺപേ, സാമ്പത്തിക സേവനങ്ങൾ കൂടുതൽ സുലഭമാക്കാൻ ശ്രമം തുടരുന്നതായും കമ്പനി അധികൃതർ അറിയിച്ചു.

# മലയാളി വിദ്യാർത്ഥിയ്ക്ക് 1.9 കോടി രൂപയുടെ സ്കോളർഷിപ്പോടെ പിഎച്ച്ഡി പ്രവേശനം



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഫിസിക്സ് വകുപ്പിലെ എംഎസ് സി പൂർവവിദ്യാർത്ഥിയായ പി. എസ് ആദിത്യ (2022 24 ബാച്ച്) 1.9 കോടി രൂപയുടെ സ്കോളർഷിപ്പോടെ ഓസ്ട്രേലിയയിലെ ഫ്ളിൻഡേഴ്സ് സർവകലാശാലയിൽ ഫിസിക്സ് എഡ്യൂക്കേഷനിൽ പിഎച്ച്ഡി പഠനത്തിന് തിരഞ്ഞെടുക്കപ്പെട്ടു. മൂന്നര വർഷമാണ് ഈ സ്കോളർഷിപ്പിന്റെ ദൈർഘ്യം. ഫ്ളിൻഡേഴ്സ് സർവകലാശാല കോളേജ് ഓഫ് സയൻസ് ആൻഡ് എൻജിനീയറിങ്ങിലെ ഫിസിക്സ് പ്രൊഫസറുമായ പ്രൊഫ. മാറിയ പരപ്പിള്ളിയുടെ മേൽനോട്ടത്തിലാണ് ഗവേഷണം നടക്കുക. തൃശൂർ സ്വദേശിയായ ആദിത്യ, സുരേഷിന്റെയും റഹനയുടെയും മകനാണ്.

## ജിയോസ്പേഷ്യൽ ടെക്നോളജി കോഴ്സ് മെയ് 13ന് തുടങ്ങും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ജ്യോഗ്രഫി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യ കാമ്പസിൽ സംഘടിപ്പിക്കുന്ന ജിയോസ്പേഷ്യൽ ടെക്നോളജിയിലുള്ള ഹ്രസ്വകാല വേനൽക്കാല കോഴ്സ് മെയ് 13ന് ആരംഭിക്കും. പത്ത് ദിവസത്തെ ഈ കോഴ്സിൽ ജി. ഐ. എസ്., റിമോട്ട് സെൻസിംഗ്, സർവേ അനുബന്ധ ജിയോസ്പേഷ്യൽ ടെക്നിക്കുകൾ എന്നിവയിൽ പ്രത്യേക പരിശീലനം നൽകും. ഓൺലൈനായി അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക. ഫോൺ : 8289902147, 9400036791.

# റോർ ഇവിഒ പുറത്തിറക്കി ഒബെൻ ഇലക്ട്രിക്

**കൊച്ചി:** ഇന്ത്യയിലെ ഗവേഷണ വികസന അധിഷ്ഠിത ഇലക്ട്രിക് മോട്ടോർസൈക്കിൾ നിർമ്മാതാക്കളായ ഒബെൻ ഇലക്ട്രിക് ആദ്യത്തെ 10,000 ഉപഭോക്താക്ക് 99,999 (എക്സ്ഷോറൂം)രൂപ എന്ന പ്രത്യേക തുടക്ക വിലയിൽ പുതിയ റോർ ഇവിഒ പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു. റോർ ഇവിഒ 110 കിലോമീറ്റർ/മണിക്കൂർ പരമാവധി വേഗത കൈവരിക്കുകയും 180 കിലോമീറ്റർ ഐഡിസി സർട്ടിഫൈഡ് റേഞ്ച് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ദൈനംദിന റൈഡുകൾക്ക് പോലും തുല്യമായി പ്രാപ്തമാണെന്ന് ഉറപ്പാക്കുന്നു ഇത്. ഒബെൻ പ്ലഗ് (ഫാസ്റ്റ് ചാർജർ) ഉപയോഗിച്ച് വെറും 90 മിനിറ്റിനുള്ളിൽ 080% ഫാസ്റ്റ് ചാർജിംഗ് കൂടാതെ സൗകര്യപ്രദമായ ദൈനംദിന ചാർജിംഗിനായി അതിന്റെ ഓൺബോർഡ് ചാർജറായ ഒബെൻ പോർട്ടും സജ്ജീകരിച്ചിരിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.



ഇന്ത്യൻ സാഹചര്യങ്ങൾക്കായി രൂപകൽപ്പന ചെയ്ത ഒബെന്റെ പ്രൊ പ്രൈറ്ററി 3.4 കെ ഡബ്ല്യു എച്ച് ഉയർന്ന പ്രകടനമുള്ള എൽ പി എഫ് ബാറ്ററിയാണ് സജ്ജീകരിച്ചിരിക്കുന്നത്. പരമ്പരാഗത ലിഥിയം അയൺ ബാറ്ററികളുമായി താരതമ്യപ്പെടുത്തുമ്പോൾ 50% ഉയർന്ന താപ പ്രതിരോധവും 2ഇരട്ടി ലൈഫ് സൈക്കിളും വാഗ്ദാനം ചെയ്യുന്ന ഇത്.
ഉയർന്ന സുരക്ഷയും വിശ്വാസ്യതയും നിലനിർത്തിക്കൊണ്ട് കാലക്രമേണ സ്ഥിരതയുള്ള പ്രകടനം നൽകുന്നു. പൾസ് റെഡ്, ന്യൂട്രോൺ ബ്ലൂ, മാഗ്നറ്റിക് ബ്ലാക്ക്, ഫോട്ടോൺ വൈറ്റ് എന്നീ നാല് നിറങ്ങളിൽ റോർ ഇവിഒ ലഭ്യമാണ്. ആദ്യ 10,000 ഉപഭോക്താക്കൾക്ക് 99,999 (എക്സ്ഷോറൂം) എന്ന പ്രാരംഭ വിലയിൽ മോട്ടോർ സൈക്കിൾ ലഭ്യമാകും. അതിനുശേഷം 1,24,999 (എക്സ്ഷോറൂം) ആയിരിക്കും വില. ബുക്കിംഗുകൾ ആരംഭിച്ചു. ജൂൺ മുതൽ ഒബെന്റെ രാജ്യവ്യാപകമായുള്ള 150 ഷോറൂമുകളിൽ ടെസ്റ്റ് റൈഡുകളും വിതരണവും ആരംഭിക്കും.

# ക്രെഡിറ്റ് കാർഡുകൾ ഏറ്റെടുക്കാൻ ഫെഡറൽ ബാങ്ക്

**കൊച്ചി:** സ്റ്റാൻഡേർഡ് ചാറ്റേർഡ് ബാങ്ക് ഇന്ത്യയുടെ ക്രെഡിറ്റ് കാർഡുകൾ ഏറ്റെടുക്കാനൊരുങ്ങി ഫെഡറൽ ബാങ്ക്. ഇതുസംബന്ധിച്ച കരാറിൽ ഏർപ്പെടുന്നതിന് ഫെഡറൽ ബാങ്കിന്റെ ഡയറക്ടർ ബോർഡ് അംഗീകാരം നൽകി. രാജ്യത്തെ മുൻനിര നഗരങ്ങളിൽ ഉൾപ്പെടെ, ബാങ്കിന്റെ ക്രെഡിറ്റ് കാർഡ് ബിസിനസ് ശക്തിപ്പെടുത്തുകയാണ് പരസ്പര സഹകരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഫെഡറൽ ബാങ്കിനെ സംബന്ധിച്ച്, ഇന്ത്യയിലെ സമ്പന്ന ഇടപാടുകാർക്കിടയിലുള്ള ബിസിനസ് വിപുലീകരണവും കരാറിലൂടെ സാധ്യമാകുമെന്ന് ഫെഡറൽ ബാങ്ക് എംഡിയും സിഇഒയുമായ കെ.വി.എസ് മണിയൻ പറഞ്ഞു. നിലവിൽ, കോ ബ്രാൻഡഡ് വിഭാഗത്തിൽ 13 ലക്ഷവും നോൺ കോ ബ്രാൻഡഡ് വിഭാഗത്തിൽ 8 ലക്ഷവും ആയി 21 ലക്ഷം ക്രെഡിറ്റ് കാർഡുകളാണ് ഫെഡറൽ ബാങ്ക് ഇഷ്യൂ ചെയ്തിരിക്കുന്നത്. 4.50 ലക്ഷം ക്രെഡിറ്റ് കാർഡുകളാണ് സ്റ്റാൻഡേർഡ് ചാറ്റേർഡ് ബാങ്കിൽ നിന്ന് ഏറ്റെടുക്കുന്നത്. ഏറ്റെടുക്കുന്ന ക്രെഡിറ്റ് കാർഡിന്റെ 75 ശതമാനവും രാജ്യത്തെ സാമ്പത്തികമായി മുന്നിലുള്ള 8 നഗരങ്ങളിൽ ഇഷ്യൂ ചെയ്തതാണ്. ഈ മേഖലയിലേക്കുള്ള ഫെഡറൽ ബാങ്കിന്റെ സാന്നിധ്യം വർധിപ്പിക്കാനും ഏറ്റെടുക്കൽ വഴി സാധ്യമാകും. ഫെഡറൽ ബാങ്കിന്റെ റീട്ടെയ്ൽ ക്രെഡിറ്റ് വ്യാപാരം വർധിപ്പിക്കുന്നതിനുള്ള തന്ത്രപ്രധാനമായ സഹകരണമാണ് സ്റ്റാൻഡേർഡ് ചാറ്റേർഡ് ബാങ്കുമായി നടത്തുന്നതെന്നും കെവിഎസ് മണിയൻ പറഞ്ഞു. 2026 അവസാനത്തോടുകൂടി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുമെന്ന് ഫെഡറൽ ബാങ്ക് അറിയിച്ചു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

# ഏപ്രിലിൽ 75% വളർച്ച രേഖപ്പെടുത്തി നിസ്സാൻ



**കൊച്ചി:** പുതിയ സാമ്പത്തിക വർഷത്തിൽ നിസ്സാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് വളർച്ചയോടെ തുടക്കം. ഏപ്രിലിൽ ആഭ്യന്തര വിൽപ്പന മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 75 ശതമാനം വളർന്നു.

ആഭ്യന്തര വിപണിയിൽ 3,203 യൂണിറ്റുകളും കയറ്റുമതിയിലൂടെ 2,185 യൂണിറ്റുകളും ഉൾപ്പെടെ 5,388 യൂണിറ്റുകളുടെ മൊത്തം വിൽപ്പന കമ്പനി രേഖപ്പെടുത്തി. പുതിയ നിസ്സാൻ ഗ്രാവൈറ്റിനോടുള്ള ശക്തമായ വിപണി പ്രതികരണത്തിന്റെ പിന്തുണയോടെ, നിസ്സാന്റെ സ്ഥിരമായ വളർച്ചാ വേഗതയെ ശക്തിപ്പെടുത്തുകയും ഇന്ത്യൻ ഓട്ടോമോട്ടീവ് വിപണിയിൽ സാന്നിധ്യം ശക്തിപ്പെടുത്തുകയും ചെയ്തു. പുതിയ നിസ്സാൻ ഗ്രാവൈറ്റിനോടുള്ള ഉപഭോക്തൃ പ്രതികരണം ഇന്ത്യൻ ഉപഭോക്താക്കളുടെ വികസിച്ചുകൊണ്ടിരിക്കുന്ന പ്രതീക്ഷകളുമായി പൊരുത്തപ്പെടുന്ന ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്നതിനുള്ള ഞങ്ങളുടെ സമീപനത്തെ വീണ്ടും ഉറപ്പിക്കുന്നതായി നിസ്സാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.